പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3320

18-2-13 ൽ
മറു പടിക്ക്

## സി-ഡിറ്റിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാപോറ്റി<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) | |
| എ) | സി-ഡിറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | സി-ഡിറ്റിന്റെപ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട് |
| ബി) | സിഡിറ്റിലെ നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന നിബന്ധന നിലവിലുണ്ടോ; | ബി) | ഉണ്ട് |
| സി) | പ്രസ്തുത നിബന്ധനയ്ക്കു വിരുദ്ധമായി സി-ഡിറ്റിൽ നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | നിലവിലുള്ള നിബന്ധനകൾക്ക് വിരുദ്ധമായി നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിച്ചിട്ടില്ല. |
| ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റിൽ നടത്തിയ സ്ഥിരനിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത നിയമനങ്ങൾക്കെല്ലാം സർക്കാരിന്റെ മുൻകൂർ അനുവാദം ഉണ്ടായിരുന്നുവോയെന്നറിയിക്കുമോ? | ഡി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സി-ഡിറ്റിൽ സ്ഥിരനിയമനം ഒന്നുംതന്നെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ